**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 876** **06-10-2021 - ൽ മറുപടിയ്ക്ക്**

**വീട് നിർമ്മാണത്തിന് തേക്ക്, ഈട്ടി മരങ്ങൾ മുറിക്കുന്നതിന് ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വീട്ടുവളപ്പിൽ നട്ട് വളർത്തുന്ന തേക്ക്, ഈട്ടി തുടങ്ങിയ മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | ഉണ്ട്. മരങ്ങൾ മുറിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു. THE KERALA PROMOTION OF TREE GROWTH IN NON-FOREST AREAS RULE 2011 ലെ റൂൾ 2(g) പ്രകാരം നോട്ടിഫൈ ചെയ്യാത്ത വില്ലേജിലെ സ്വകാര്യ ഭൂമിയിൽ നിന്നും മുറിച്ച തേക്ക്, ഈട്ടി തുടങ്ങിയ തടികൾ ടി നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള ചുമതലയുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കുന്ന സത്യപ്രസ്താവനയുടെ രസീതിന്റെ പിൻബലത്തിൽ നീക്കം ചെയ്യാവു ന്നതാണ്. എന്നാൽ, നോട്ടിഫൈ ചെയ്ത വില്ലേജിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ പരിശോധനയെത്തുടർന്നുള്ള അനുമതിയോടെ മുറിച്ച തേക്ക്, ഈട്ടി തുടങ്ങിയ മരങ്ങൾ, സത്യപ്രസ്താവനയിന്മേലുള്ള നിയമാനുസൃതമായ പരിശോധനയെ തുടർന്ന് ലഭിക്കുന്ന കടത്ത് പാസ്സിന്റെ പിൻബലത്തിൽ മാത്രമേ നീക്കം ചെയ്യാൻ കഴിയുകയുള്ളൂ. |
| (ബി) | വീട് നിർമ്മാണത്തിന് വേണ്ടി ഇത്തരം മരങ്ങൾ മുറിക്കാൻ പ്രത്യേക ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സ്വകാര്യഭൂമിയിൽ നിന്നും വീട്നിർമ്മാണം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി മരം മുറിക്കുന്നതിനുള്ള നടപടിക്രമങ്ങൾ THE KERALA PROMOTION OF TREE GROWTH IN NON-FOREST AREAS RULE 2011-ൽ പ്രതിപാദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ